**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2237** **30-09-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ ഡോക്ടർമാർ, നഴ്സുമാർ, മറ്റ് പാരമെഡിക്കൽ ജീവനക്കാർ എന്നിവരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |
| (ബി) | ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (ബി) | കൺസൽട്ടന്റ്/സീനിയർ കൺസൽട്ടന്റ് തസ്തികയിലെ ഒഴിവുകളും ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിലെ ഒഴിവും സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>നഴ്സിംഗ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഴ്സിംഗ് ഓഫീസർ ഗ്രേഡ് I തസ്തികയിലെയും സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലെയും ഒഴിവുകൾ സ്ഥാനക്കയറ്റം വഴി അടിയന്തരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|
| കൺസൽട്ടന്റ് (ഒഫ്ത്താൽമോളജി) | 1 |
| കൺസൽട്ടന്റ് (അനസ്തേഷ്യ) | 1 |
| സീനിയർ കൺസൽട്ടന്റ് (റേഡിയോ തെറാപ്പി/ റേഡിയോ ഡയഗ്നോസിസ്) | 1 |
| അസിസ്റ്റന്റ് ഡയറക്ടർ/ ഡെപ്യൂട്ടി സൂപ്രണ്ട് | 1 |
| സീനിയർ നഴ്സിംഗ് ഓഫീസർ | 4 |
| നഴ്സിംഗ് ഓഫീസർ | 12 |
| പബ്ലിക് ഹെൽത്ത് നഴ്സ് | 1 |
| എക്സ്റേ അറ്റൻഡർ | 2 |
| ജൂനിയർ ലാബ് അറ്റൻഡർ | 1 |

| | | | |
|---|---|---|---|
| | | | ഒഴിവുകൾ ഉണ്ടാകുന്ന മുറക്ക് നിയമന അധികാരിയായ ജില്ലാ മെഡിക്കൽ ഓഫീസർ പ്രസ്തുത ഒഴിവുകൾ കൃത്യമായി പി എസ് സി ക്ക് റിപ്പോർട്ട് ചെയ്യുകയും, ആരോഗ്യ വകുപ്പ ഡയറക്ടറെ അറിയിക്കുകയും ചെയ്യുന്നുണ്ട്. മാത്രമല്ല അനുവദിച്ചിരിക്കുന്ന പോസ്റ്റിലെ ഒഴിവുകളിലേക്ക് എംപ്ലോയിമെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ആളെ നിയമിച്ച് ഒഴിവ് നികത്താനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ